**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2355** **04-03-2025 - ൽ മറുപടിയ്ക്ക്**

**കേന്ദ്രാവിഷ്കൃത പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് യഥാസമയം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തത് മൂലം കേന്ദ്ര ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; ഈ സർക്കാരിന്റെ കാലത്ത് ഇപ്രകാരം എത്ര തുക നഷ്ടമായി; വിശദമാക്കാമോ; | (എ) | **സാമൂഹ്യനീതി ഡയറക്ടറേറ്റ്**<br><br>സാമൂഹ്യ നീതി വകുപ്പ് മുഖേന ഭിന്നശേഷി മേഖലയിൽ നടപ്പിലാക്കി വരുന്ന കേന്ദ്ര സർക്കാർ പദ്ധതിയാണ് ആക്സസബിൾ ഇന്ത്യ കാമ്പയിൻ പദ്ധതി. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ തലസ്ഥാന ജില്ലയിലുള്ള 28 പൊതുകെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിലേയ്ക്കായി 859.96 ലക്ഷം രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്ര സർക്കാർ അംഗീകരിക്കുകയും, ആയതിന്റെ ഭാഗമായി പ്രൊപ്പോസൽ തുകയുടെ 50% തുകയായ 4,29,98,000/- രൂപ 2018-19 വർഷം സംസ്ഥാനത്തിന് അനുവദിക്കുകയും, പ്രസ്തുത തുക 28 കെട്ടിടങ്ങളുടെ പ്രവൃത്തികൾക്കായി ഭരണാനുമതി നൽകി തുക പൊതുമരാമത്ത് വകുപ്പിന് കൈമാറി നൽകുകയും ചെയ്തിരുന്നു. അനുവദിച്ച തുക മുഴുവൻ ചെലവഴിച്ച UC ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതിയുടെ രണ്ടാം ഗഡു അനുവദിക്കും എന്ന് കേന്ദ്ര സർക്കാരിൽ നിന്നും അറിയിച്ചിരുന്നു. എന്നാൽ, ആദ്യ ഘട്ടമായി അനുവദിച്ച ടി തുക വിനിയോഗിച്ച് 13 കെട്ടിടങ്ങളുടെ പ്രവൃത്തി PWD മുഖേന പൂർത്തിയാക്കുകയും, 1,97,55,955/- രൂപയുടെ UC കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചതും 2024-25 സാമ്പത്തിക വർഷത്തിൽ ആണ്. ആദ്യഘട്ട തുകയുടെ ധന വിനിയോഗ സർട്ടിഫിക്കറ്റ് നൽകിയെങ്കിൽ മാത്രമേ രണ്ടാം ഘട്ട തുക കേന്ദ്ര സർക്കാർ അനുവദിക്കുകയുള്ളൂ. പ്രസ്തുത പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ ഫണ്ട് അനുവദിക്കുന്നതിനുള്ള സമയ പരിധി കഴിഞ്ഞിട്ടുള്ള സാഹചര്യത്തിൽ രണ്ടാം ഘട്ട തുകയായ 4.29 കോടി രൂപ ആവശ്യപ്പെടുന്നതിനു സാധിച്ചിട്ടില്ല.<br><br>**ജല സേചനം (പ്രോജക്ട് 2)**<br><br>2019-20ൽ 2.69 കോടി രൂപ കേന്ദ്ര സഹായമായി കിട്ടിയിരുന്നെങ്കിലും വിനിയോഗിച്ച തീർത്തത് 2023-2024 സാമ്പത്തിക വർഷത്തിലാണ്. അതിനു ശേഷം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുകയും അടുത്ത ഗഡു കേന്ദ്ര ഫണ്ടിനായി 536.876 ലക്ഷം രൂപയുള്ള പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>**ആഭ്യന്തര (എസ്) വകുപ്പ്**<br><br>ഈ വകുപ്പുമായി ബന്ധപ്പെട്ട് കേന്ദ്രവിഹിതം ലഭ്യമാകുന്ന രണ്ട് പദ്ധതികളാണ് നിലവിലുള്ളത്<br><br>1. CSS for Development of Judicial Infrastructure<br>2. Setting up of Fast Track Special Courts for the Trial of POCSO Cases<br><br>ജുഡീഷ്യറിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള, മേൽപ്പറഞ്ഞ ഒന്നാം പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷം കേന്ദ്രവിഹിതമായി 50 കോടി രൂപയും സംസ്ഥാന വിഹിതമായി 33.33 കോടി രൂപയും ചേർത്ത് 83.33 കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ, ടി തുക സമയബന്ധിതമായി ചെലവാക്കി വിനിയോഗ സർട്ടിഫിക്കറ്റ് പൊതുമരാമത്ത് വകുപ്പ് കേന്ദ്രത്തിന് സമർപ്പിക്കാത്തതുമൂലം 2022-23 സാമ്പത്തിക വർഷം കേന്ദ്രഫണ്ട് ലഭ്യമായില്ല. ഓരോ സാമ്പത്തികവർഷവും പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കുന്ന ഫണ്ട് വിനിയോഗ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്രസർക്കാർ തുക അനുവദിക്കുന്നത്. ഇപ്രകാരം സംസ്ഥാനത്തിന് തുക അനുവദിക്കുന്നത് കേന്ദ്ര സർക്കാരിന്റെ വിവേചനാധികാരത്തിൽപ്പെടുന്നതാണ്.<br><br>**ജലഭവൻ - കേരള വാട്ടർ അതോറിറ്റി** |

| | | | |
|---|---|---|---|
| | | | കേരള വാട്ടർ അതോറിറ്റിയിൽ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളിൽ, കേന്ദ്രസർക്കാരിന്റെ വിഹിതം ഉൾപ്പെടെ വിനിയോഗപ്പെടുത്തി നടപ്പാക്കുന്ന പദ്ധതിയാണ് ജലജീവൻ മിഷൻ.<br><br>പ്രസ്തുത പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഈ സാമ്പത്തിക വർഷം (2024-25) സമർപ്പിക്കേണ്ടിയിരുന്ന കഴിഞ്ഞവർഷത്തെ (2023-24) യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും, ഫൈനാൻഷ്യൽ സ്റ്റേറ്റ്മെന്റ്സും സമർപ്പിച്ചിട്ടുണ്ട്. മാത്രമല്ല 2024-25 വർഷത്തിലെ 10/01/2025 തീയതി വരെയുള്ള പ്രൊവിഷണൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.<br><br>**<u>കൃഷി (പി.എ.) വകുപ്പ്</u>**<br><br>കേന്ദ്രാവിഷ്കൃത പദ്ധതികളിൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തതു കാരണം കേന്ദ്ര ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം ഇല്ല. ലഭ്യമായ ഫണ്ടിന്റെ 85% ചെലവാകുന്ന മുറയ്ക്ക് അടുത്ത ഇൻസ്റ്റാൾമെന്റ് തുക ലഭ്യമാകുന്നുണ്ട്. |
| (ബി) | കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഫണ്ട് ചെലവഴിച്ചതുമൂലം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് നഷ്ടപ്പെട്ട സാഹചര്യം ഈ കാലത്തുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (ബി) | കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഫണ്ട് ചെലവഴിച്ചതുമൂലം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് നഷ്ടപ്പെട്ട സാഹചര്യം ഉണ്ടായിട്ടില്ല. |
| (സി) | 2024-25 ൽ സംസ്ഥാനത്തെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വകയിരുത്തിയ തുക എത്രയാണ്; ഈയിനത്തിൽ 2025 ജനുവരി 31 വരെ എത്ര തുക കേന്ദ്രത്തിൽ നിന്നും ലഭിച്ചു; വ്യക്തമാക്കാമോ? | (സി) | **<u>പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ കാര്യാലയം</u>**<br><br>2024-25 വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വകയിരുത്തിയ തുക, കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച തുക എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| പദ്ധതിയുടെ പേര് | കേന്ദ്ര വിഹിതമായി വകയിരുത്തിയ തുക (കോടി രൂപയിൽ) | കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുക (കോടി രൂപയിൽ) |
|---|---|---|
| Assistance to State agencies for intrastate movement of food grains and FPS dealers' margin under NFSA-2013 | 85.40 | 63.60 |
| Scheme for modernisation & Reforms through Technology in Public Distribution System (SMART-PDS) | 1.40 | 0.1206 |
| Annapurna food security | 0.08 | 0.00 |
| **Total** | **86.88** | **63.7206** |

**<u>സ്മാർട്ട് സിറ്റി -കൊച്ചി</u>**

സ്മാർട്ട് സിറ്റീസ് മിഷൻ പദ്ധതിക്ക് വേണ്ടി സ്മാർട്ട് സിറ്റി - കൊച്ചിക്ക് ലഭിക്കേണ്ടിയിരുന്ന തുകയായ 490 കോടി രൂപയും ലഭിച്ചു കഴിഞ്ഞു.

**സ്മാർട്ട് സിറ്റി- തിരുവനന്തപുരം**

2024-2025 ബഡ്ജറ്റിൽ സ്മാർട്ട്സിറ്റി മിഷന് 100 കോടി രൂപ വകയിരുത്തിയിരുന്നു. 2025 – ജനുവരി വരെ കേന്ദ്രത്തിൽ നിന്നും 98 കോടി രൂപ ലഭിച്ചിട്ടുണ്ട്.

**തൊഴിലും നൈപുണ്യവും വകുപ്പ്**

നിലവിൽ നടപ്പിലാക്കി വരുന്ന സങ്കൽപ്പ് പദ്ധതിയിൽ 2021 മുതൽ മാർച്ച് 2025 വരെ മൊത്തമായി 10.15 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. 2024-25 ന് മാത്രമായി തുക വകയിരുത്തിയിട്ടില്ല. മേൽ സൂചിപ്പിച്ച തുകയിൽ 60% കേന്ദ്രവിഹിതവും ലഭിച്ചിട്ടുണ്ട്.

**തദ്ദേശ സ്വയം ഭരണ വകുപ്പ്**

തദ്ദേശ സ്വയം ഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന 13 കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2024-25 സാമ്പത്തിക വർഷം 5368.18 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 31/01/2025 വരെ 3364.63 കോടി രൂപ കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്.

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

| ക്രമ നം | സ്കീമുകളുടെ പേര് | മെഡിക്കൽ കോളേജ് | അനുവദിച്ച തുക |
|---|---|---|---|
| 1 | National Programme for Prevention and Control of Cancer, Diabetes Cardiovascular Diseases & Stroke (NPCDCS) | കോഴിക്കോട് | 1,67,00,000/- |
| 2 | Capacity Building for developing Trauma Care facilities in Govt. Hospitals located on National Highways | ആലപ്പുഴ | 1,64,16,000/- |
| 3 | National Programme for Prevention & Management of Burn Injuries (NPPMBI) | തിരുവനന്തപുരം | 1,86,84,000/- |
| | | കോട്ടയം | 2,70,04,000/- |
| | | തൃശ്ശൂർ | 70,56,340/- |
| | | കോഴിക്കോട് | 83,90,000/- |

**നാഷണൽ ആയുഷ് മിഷൻ**

നാഷണൽ ആയുഷ് മിഷന്റെ 2024-25 സംസ്ഥാന ബഡ്ജറ്റ് വിഹിതമായി 20 കോടി രൂപയാണ് വകയിരുത്തിയത്. 2024-25 സാമ്പത്തിക വർഷത്തിലെ അംഗീകൃത ഫണ്ട് 207.93 കോടി രൂപയാണ്. ഇതിൽ ആദ്യ ഗഡുവായ 10396.60 ലക്ഷം രൂപയുടെ കേന്ദ്ര വിഹിതം (60%) 6237.96 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)**

2024-25 ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും ഉൾപ്പെടെ 472510.40 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുള്ളതും 302512 ലക്ഷം രൂപ 2025 ജനുവരി 31 വരെ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ളതുമാകുന്നു.

**<u>സാമൂഹ്യനീതി ഡയറക്ടറേറ്റ്</u>**

സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളാണ് NAPDDR (നാഷണൽ ആക്ഷൻ പ്ലാൻ ഫോർ ഡ്രഗ് ഡിമാൻഡ് റിഡക്ഷൻ, AVYAY (അടൽ വയോ അഭ്യുദയ് യോജന), ആക്സസബിൾ ഇന്ത്യ ക്യാമ്പയിൻ എന്നിവ. 2024-25 വർഷം NAPDDR പദ്ധതിക്ക് 1,41,48,000/- രൂപയും AVYAY പദ്ധതിക്ക് 2,65,00,000/- രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. NAPDDR പദ്ധതിക്ക് 99,76,622/- രൂപയും അടൽ വയോ അഭ്യുദയ് യോജന പദ്ധതിക്ക് 34,50,000/- രൂപയുമാണ് കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുള്ളത്. ആക്സസബിൾ ഇന്ത്യ ക്യാമ്പയിൻ പദ്ധതിക്കായി സംസ്ഥാന ബജറ്റിൽ 4.2979 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ, ടി പദ്ധതിക്കായി 2024-25 വർഷത്തിൽ കേന്ദ്ര ഫണ്ടുകൾ ലഭ്യമായിട്ടില്ല.

**<u>കുടുംബശ്രീ</u>**

**1. നാഷണൽ റൂറൽ ലൈവിലിഹുഡ് മിഷൻ (എൻ. ആർ.എൽ.എം)**

2024-2025 സാമ്പത്തിക വർഷത്തിൽ നാഷണൽ റൂറൽ ലൈവിലിഹുഡ് മിഷൻ (എൻ.ആർ.എൽ.എം) പദ്ധതിയ്ക്കായി 297 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. 2024-25 ൽ ആകെ കേന്ദ്രവിഹിതമായി 89 കോടി 36 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്.

**2. നാഷണൽ അർബൻ ലൈവിലിഹുഡ് മിഷൻ (എൻ.യു.എൽ.എം)**

2024-25 സാമ്പത്തിക വർഷം കേരളത്തിലെ നാഷണൽ അർബൻ ലൈവിലിഹുഡ് മിഷൻ (എൻ.യു.എൽ.എം) പദ്ധതി പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാർ വകയിരുത്തിയ തുക 33.33 കോടി രൂപയും ആയതിൽ ടി പ്രവർത്തനങ്ങൾക്കായി നിലവിൽ ലഭ്യമായ തുക 8.33 കോടി രൂപയുമാണ്.

**3. ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (ഡി.ഡി. യു.ജി.കെ.വൈ)**

2024-2025 സാമ്പത്തിക വർഷത്തിൽ ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (ഡി.ഡി.യു.ജി.കെ. വൈ) പദ്ധതിയ്ക്കായി 1 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (ഡി.ഡി.യു. ജി. കെ.വൈ) - മൾട്ടി ഇയർ - പദ്ധതിയായത് കൊണ്ട് മുൻവർഷങ്ങളിലെ തുക നീക്കിയിരുപ്പുള്ള സാഹചര്യത്തിൽ 2024-25-ൽ കേന്ദ്രത്തിൽ നിന്നും തുക ലഭ്യമായിട്ടില്ല.

2024-2025 സാമ്പത്തിക വർഷത്തിൽ റൂറൽ സെൽഫ് എംപ്ലോയിമെന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്സ് (RSETIs) പദ്ധതിയ്ക്കായി 10 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ആയത് 100% കേന്ദ്ര ഫണ്ട് ആണ്. 2024-2025 സാമ്പത്തിക വർഷത്തിൽ പദ്ധതിയ്ക്കായി തുക കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായിട്ടില്ല.

**4. പ്രധാന മന്ത്രി ആവാസ് യോജന (പി.എം.എ.വൈ)**

2024-25 സാമ്പത്തിക വർഷം സംസ്ഥാന ബജറ്റിൽ 532 കോടി രൂപ (കേന്ദ്ര വിഹിതം 399 കോടി രൂപ, സംസ്ഥാന വിഹിതം 133 കോടി രൂപ) വകയിരുത്തിയിട്ടുണ്ട്. ആയതിൽ 51.12 കോടി രൂപ കേന്ദ്രവിഹിതം ലഭ്യമായിട്ടുണ്ട്.

**<u>ജല സേചനം (പ്രോജക്റ്റ് 2)</u>**

2024-25 ൽ കേന്ദ്രവിഹിതമായി 150 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 150 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. അടുത്ത കേന്ദ്ര വിഹിതത്തിനായി വിനിയോഗ പത്രം സമർപ്പിച്ചിട്ടുണ്ട്. 2025 ജനുവരി 31വരെ 269 ലക്ഷം രൂപയാണ് കേന്ദ്രവിഹിതമായി ലഭിച്ചിട്ടുള്ളത് (2019-20 ൽ ലഭിച്ചു).

**<u>ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം</u>**

കേന്ദ്ര പദ്ധതിയായ DILRMP പദ്ധതിയിൽ 2024-25 കാലഘട്ടത്തിൽ റവന്യൂ, രജിസ്ട്രേഷൻ, സർവ്വെ വകുപ്പുകളിലേയ്ക്കായി 62.82 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ്. ഫണ്ട് ലഭ്യമായിട്ടില്ലാത്തതാണ്.

**<u>പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം</u>**

2024-25 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് സംസ്ഥാനത്തെ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി 6699.41 ലക്ഷം രൂപ വകയിരുത്തിയതിൽ 2995.55 ലക്ഷം രൂപ കേന്ദ്ര സർക്കാർ റിലീസ് ചെയ്തിട്ടുണ്ട്. പദ്ധതിതിരിച്ചുള്ളവിവരം ***<u>അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.</u>***

**<u>ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്</u>**

2024-25 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 1417.30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വർഷത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ഇതുവരെയായും തുക ലഭിച്ചിട്ടില്ല.

**<u>ആഭ്യന്തര (എസ്) വകുപ്പ്</u>**

CSS for Development of Judicial Infrastructure പദ്ധതിയിൽ 2024-25 സാമ്പത്തിക വർഷത്തിൽ, സംസ്ഥാന സർക്കാർ 30.59 കോടി രൂപ അനുവദിച്ചു. 2025 ജനുവരി 31 വരെ ഈ പദ്ധതി പ്രകാരം കേന്ദ്ര സഹായമായി 45.88 കോടി രൂപ ലഭിച്ചിട്ടുണ്ട്.

Setting up of Fast Track Special Courts for the trial of POCSO Cases പദ്ധതിയിൽ 2024-25 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബജറ്റ് വഴി 46,42,33,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി 2023-2024 സാമ്പത്തിക വർഷം മുതൽ റീ ഇമ്പേഴ്സ്മെന്റ് രീതിയിൽ പ്രവർത്തിക്കുന്നതിനാൽ ഈ പദ്ധതിയുടെ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റുകൾ ത്രൈമാസ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന് നൽകുകയും പിന്നീട് സംസ്ഥാന സർക്കാരിന് റീ ഇമ്പേഴ്സ്മെന്റ് ഈ തുക കേന്ദ്ര സർക്കാർ അനുവദിക്കുകയുമാണ് ചെയ്യുന്നത്. 2024-25 സാമ്പത്തിക വർഷത്തിൽ, കേന്ദ്ര സർക്കാർ 13,58,11,500/- രൂപ ഇതുവരെ അനുവദിച്ചിട്ടുണ്ട്.

**<u>ചീഫ് എഞ്ചിനീയറുടെ കാര്യാലയം (പൊതുമരാമത്ത് വകുപ്പ്, കെട്ടിട വിഭാഗം)</u>**

2024-25 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നിർവ്വഹണ ഏജൻസി ആയിട്ടുള്ള Development of Infrastructure facilities for Judiciary എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്കായി ലഭിച്ച തുക 88,14,16,666/- രൂപയാണ്. ഈ ഇനത്തിൽ കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക 52,88,50,000/- രൂപയാണ്.

**<u>കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി (SWAK)</u>**

2024-25 സംസ്ഥാന ബജറ്റ് വിഹിതത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്കായി കേന്ദ്രവിഹിതമായി 90 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 60 ലക്ഷം രൂപയും ചേർത്ത് ആകെ 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും തുകയൊന്നും സംസ്ഥാന തണ്ണീർത്തട അതോറിറ്റിയ്ക്ക് ലഭ്യമായിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാനത്തെ 3 റംസാർ തണ്ണീർത്തടങ്ങളിലും അംഗീകരിച്ച കർമ്മ പരിപ്രേക്ഷ്യം നടപ്പിലാക്കുന്നതിനായി Centrally Sponsored Scheme ("Implementation of Management Action Plan (MAP) for 3 Ramsar Sites in Kerala- Sasthamkotta, Ashtamudi and Vembanad – KOL" ന് 345.125 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയുണ്ടായി. ഓരോ സാമ്പത്തിക വർഷവും ഈ തുകയിൽ നിന്നും ചെലവായതിന്റെ ബാക്കി തുക കേന്ദ്ര സർക്കാരിൽ നിന്നുള്ള revalidation പ്രകാരം ഇപ്പോഴും ഉപയോഗിച്ചു വരുന്നു.

**<u>പിന്നാക്ക വിഭാഗ വികസന വകുപ്പ്</u>**

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളാണ് PM - YASASVI Prematric Scholarship for OBCs & EBCs, PM-YASASVI Postmatric Scholarship for OBCs & EBCs and Construction of Post matric Hostels for OBC എന്നിവ.

ഈ ഇനങ്ങളിൽ വകയിരുത്തിയതിന്റെയും കേന്ദ്രത്തിൽ നിന്ന് ലഭിച്ചതിന്റേയും വിവരങ്ങൾ ***അനുബന്ധം 2 ൽ ചേർത്തിരിക്കുന്നു.***

**കേരള സ്റ്റേറ്റ് ലിറ്ററസി മിഷൻ അതോറിറ്റി**

ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാമിന്റെ 2024-25 ലെ പദ്ധതി നടത്തിപ്പിനായി കേന്ദ്രം അംഗീകരിച്ച തുക 1,63,07,200/- രൂപയാണ്. ഇതിൽ സംസ്ഥാന ബജറ്റ് 2024-25-ൽ വകയിരുത്തിയ തുക (കേന്ദ്രവിഹിതം 60%-60,00,000/-, സംസ്ഥാന വിഹിതം 40%- 40,00,000/-) ആകെ 1,00,00,000/- രൂപയാണ്. ഈ ഇനത്തിൽ 2025 ജനുവരി 31 വരെ കേന്ദ്രം അനുവദിച്ച തുക 59,99,000/- രൂപയാണ്.

**നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം)**

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പ് മുഖേന രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നടപ്പാക്കിവരുന്നത്.

1. Mission Mode Project Interlinking of Employment Exchange (Scheme code K L 284) പദ്ധതിയ്ക്ക് 2020-21 സാമ്പത്തിക വർഷം ഒറ്റത്തവണയായി 640.20 ലക്ഷം രൂപ അനുവദിച്ച കിട്ടിയിട്ടുണ്ട്.
2. National Career Service (CS) (L& E) (Scheme Code 4166) പദ്ധതിയ്ക്ക് 2024-25 സാമ്പത്തിക വർഷം കേന്ദ്രത്തിൽ നിന്നും തുക ലഭ്യമായിട്ടില്ല. ടി പദ്ധതി 2023-24 സാമ്പത്തിക വർഷം മുതൽ 100% Centrally Sponsored Scheme ആയതിനാൽ മോഡൽ കരിയർ സെന്ററുകളെ PFMS Portal ൽ മാപ്പ് ചെയ്ത് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

ഈ രണ്ട് പദ്ധതികളും നടപ്പാക്കുന്നതിനുള്ള വിഹിതം പൂർണമായും കേന്ദ്രസർക്കാരാണ് അനുവദിക്കുന്നത്.

**Rashtriya Uchatar Shiksha Abhiyan (RUSA)**

2024-25 ൽ സംസ്ഥാന ബഡ്ജറ്റിൽ റൂസ പദ്ധതിയ്ക്കായി 45 കോടി രൂപ കേന്ദ്ര വിഹിതവും, 30 കോടി രൂപ സംസ്ഥാന വിഹിതവും ആയി വകയിരുത്തിയിരുന്നു.

റൂസ പദ്ധതിയ്ക്കായി 2024-25 വർഷത്തിൽ 2024 ഡിസംബർ മാസം മദർ സാങ്ഷനായി 17 കോടി രൂപ (16.5 കോടി രൂപ സർവ്വകലാശാല/കോളേജുകൾ എന്നിവയ്ക്ക് - 60 ശതമാനം വിഹിതം. 0.5 കോടി രൂപ റൂസ പ്രവർത്തനങ്ങൾക്ക് - 100 ശതമാനം) കേന്ദ്രം അനുവദിക്കുകയുണ്ടായി.

സംസ്ഥാന വിഹിതം 40 ശതമാനമായ 11 കോടി രൂപ സർവകലാശാല / കോളേജുകൾ എന്നിവയ്ക്ക് സംസ്ഥാന സർക്കാരും അനുവദിച്ച് നൽകിയിട്ടുണ്ട്.

**മൃഗ സംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്**

- **KL 262 NLM**

ബഡ്ജറ്റിൽ വകയിരുത്തിയത് – കേന്ദ്ര വിഹിതം - 150 ലക്ഷം, സംസ്ഥാന വിഹിതം – 100 ലക്ഷം കേന്ദ്ര വിഹിതം ലഭിച്ചിട്ടില്ല.

- **KL 320 LH and DC**

ബഡ്ജറ്റിൽ വകയിരുത്തിയത് - കേന്ദ്ര വിഹിതം- 300 ലക്ഷം, സംസ്ഥാന വിഹിതം - 200 ലക്ഷം

ലഭിച്ച കേന്ദ്ര വിഹിതത്തിന്റെ വിവരങ്ങൾ ചുവടെ:-

LH and DC - MVU - 216.30 ലക്ഷം കേന്ദ്ര വിഹിതം

LH and DC – ASCAD- 748.165 ലക്ഷം കേന്ദ്ര വിഹിതം

NADCP - 120 ലക്ഷം കേന്ദ്ര വിഹിതം

- **<u>KL-285 ലൈവ്സ്റ്റോക്ക് സെൻസസ് (100% CSS)</u>**

ലഭിച്ച കേന്ദ്ര വിഹിതം - 75 ലക്ഷം

- **<u>KL-286 ഇന്റഗ്രേറ്റഡ് സാമ്പിൾ സർവ്വേ സാലറി ഘടകം (50% CSS)</u>**

ബഡ്ജറ്റിൽ വകയിരുത്തിയത് -300 ലക്ഷം

ലഭിച്ച കേന്ദ്ര വിഹിതം - 80 ലക്ഷം

- **<u>KL-327 ഇന്റഗ്രേറ്റഡ് സാമ്പിൾ സർവ്വേ Other Components (TA/DA, IT, Training)</u>**

ബഡ്ജറ്റിൽ വകയിരുത്തിയത് -ഇല്ല

ലഭിച്ച കേന്ദ്ര വിഹിതം -2.5 ലക്ഷം

**<u>സമഗ്ര ശിക്ഷാകേരളം (എസ്.എസ്.കെ)</u>**

*(തുക കോടിയിൽ)*

| | എസ്.എസ്.കെ | സ്റ്റാർസ് |
|---|---|---|
| 2024-25 ൽ ആകെ വകയിരുത്തിയ തുക | 855.90 | 576.81 |
| കേന്ദ്രവിഹിതം | 513.54 | 346.09 |
| 31.01.2025 വരെ ലഭിച്ച കേന്ദ്ര വിഹിതം | 0 | 80.75 |

**<u>ശുചിത്വ മിഷൻ</u>**

2024-25 ൽ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയ്ക്കായി 201.18 കോടി രൂപ കേന്ദ്ര വിഹിതം ആക്ഷൻ പ്ലാനിൽ വകയിരുത്തിയിട്ടുണ്ട്. 2025 ജനുവരി 31 വരെ 25 കോടി രൂപയുടെ ഓർഡർ ലഭ്യമായിട്ടുണ്ട്. സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതിയ്ക്ക് ഓരോ സാമ്പത്തിക വർഷവും പ്രത്യേക വകയിരുത്തൽ ഇല്ല. ഫെബ്രുവരി മാസത്തിൽ 4 കോടി രൂപ അനുവദിച്ചും ഉത്തരവായിട്ടുണ്ട്.

**<u>തൊഴിലും നൈപുണ്യവും വകുപ്പ്</u>**

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന നിലവിൽ നടപ്പിലാക്കി വരുന്ന Skill Acquisition and Knowledge Awareness for Livelihood Promotion (SANKALP) പദ്ധതിയിൽ 2021 മുതൽ മാർച്ച് 2025 വരെ മൊത്തമായി 10.15 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. 2024-25 വർഷത്തേയ്ക്ക് മാത്രമായി തുക വകയിരുത്തിയിട്ടില്ല. മേൽസൂചിപ്പിച്ച തുകയിൽ 60% കേന്ദ്ര വിഹിതവും ലഭിച്ചിട്ടുണ്ട്. വ്യാവസായിക പരിശീലന വകുപ്പ് മുഖേന നിലവിൽ നടപ്പിലാക്കുന്ന STRIVE (Skill Strengthening for Industrial Value Enhancement, National Apprenticeship Promotion Scheme (NAPS) എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2024-25 വർഷം തുക വകയിരുത്തിയിട്ടില്ല. STRIVE പദ്ധതിയുടെ കാലാവധിയായ 2024 മെയ് മാസം വരെ 34,69,79,000/- രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. NAPS പദ്ധതിയിൽ നിലവിൽ തുക നേരിട്ട് ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ടിലേക്ക് കേന്ദ്ര സർക്കാർ നൽകുന്നതിനാൽ 2022 ഏപ്രിൽ മുതൽ ഫണ്ട് നിർത്തലാക്കിയിട്ടുണ്ട്. NAPS പദ്ധതി ആരംഭിച്ച 2016 ആഗസ്റ്റ് മുതൽ 2022 മാർച്ച് വരെ 17.34 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്.

**<u>ജലഭവൻ-കേരള വാട്ടർ അതോറിറ്റി</u>**

ജലജീവൻ മിഷൻ പദ്ധതിയ്ക്ക് 2024-25 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ ബജറ്റ് വിഹിതമായി 1949.36 കോടി രൂപയും സംസ്ഥാന സർക്കാർ ബജറ്റ് വിഹിതമായി 550 കോടി രൂപയും വകയിരുത്തി. പ്രസ്തുത പദ്ധതിയിൽ സംസ്ഥാന സർക്കാരിന്റെ ബജറ്റ് വിഹിതം പിന്നീട് 951.93 കോടി രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. ഈ പദ്ധതിയിൽ 2024-25 സാമ്പത്തിക വർഷത്തിൽ ആദ്യ ഗഡു ആയിട്ട് കേന്ദ്ര സർക്കാരിൽ നിന്ന് 974.67 കോടി രൂപയും സംസ്ഥാന സർക്കാരിൽ നിന്ന് 951.93 കോടി രൂപയും ലഭ്യമായിട്ടുണ്ട്.

**<u>പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം</u>**

- **<u>POA & PCR ACT പദ്ധതി (50% CSS)</u>**

2024-25 സാമ്പത്തിക വർഷം സംസ്ഥാനം സമർപ്പിച്ച പ്രൊപ്പോസലിൽ 3717.55 ലക്ഷം രൂപയ്ക്കാണ് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുള്ളത്. കേന്ദ്രവിഹിതം 1858.775 ലക്ഷം രൂപ. ജനുവരി31-നുള്ളിൽ സംസ്ഥാനത്തിന് ലഭ്യമായ തുക 236.16818 ലക്ഷം രൂപയാണ്.

- **<u>PM-AJAY (Grant-in-aid പദ്ധതി) 100% CSS</u>**

2024-25 സാമ്പത്തിക വർഷം 11.28 കോടി രൂപയാണ് Notional Allocation ആയി കേന്ദ്ര സർക്കാർ വകയിരുത്തിയിട്ടുള്ളത്. 2023-24 സാമ്പത്തിക വർഷത്തെ 11.28 കോടി Notional Allocation-ൽ നിന്നും 3.82 കോടി രൂപ കേന്ദ്രത്തിൽ നിന്നും ലഭിച്ചു. 2024-25 സാമ്പത്തിക വർഷത്തിൽ 2025 ജനുവരി 31 നുള്ളിൽ സംസ്ഥാനത്തിന് വകയിരുത്തിയ തുകയൊന്നും ലഭ്യമായിട്ടില്ല.

- **<u>PM -AJAY (Adarsha gramam പദ്ധതി) (100% CSS)</u>**

2024-25 സാമ്പത്തിക വർഷത്തിൽ 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2025 ജനുവരി 31 നുള്ളിൽ 4.985 ലക്ഷം രൂപ കേന്ദ്രവിഹിതമായി ലഭിച്ചിട്ടുണ്ട്.

- **<u>പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി (60% CSS)</u>**

2024-25 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതമായ 73 കോടി രൂപ (40%) അനുവദിച്ചതിനു ശേഷം അതിന് ആനുപാതികമായി അർഹതപ്പെട്ട കേന്ദ്രവിഹിതം (60%) കേന്ദ്ര സർക്കാർ നേരിട്ട് വിദ്യാർത്ഥികളുടെ അക്കൗണ്ടിൽ നൽകി വരുന്നു.

- **<u>പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ (60 % CSS)</u>**

Central Pre-matric Scholarship (Component I) പദ്ധതിയ്ക്കായി 8 കോടി രൂപയും (Component II) പദ്ധതിയ്ക്കായി 12 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വിദ്യാർത്ഥികൾക്ക് സംസ്ഥാന വിഹിതം 40% അനുവദിച്ചതിനു ശേഷം അതിന് ആനുപാതികമായി അർഹതപ്പെട്ട കേന്ദ്രവിഹിതം(60%) കേന്ദ്രസർക്കാർ നേരിട്ട് വിദ്യാർത്ഥികളുടെ അക്കൗണ്ടിൽ നൽകി വരുന്നു.

**<u>സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്</u>**

| ക്രമ നം | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പേര് | 2024-25 വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വകയിരുത്തിയ തുക | കേന്ദ്രത്തിൽ നിന്നും ലഭ്യമായ തുക (2025 ജനുവരി 31 വരെ) |
|---|---|---|---|
| 1 | ഇ എ ആർ എ എസ് | 4075 ലക്ഷം രൂപ | 3056.25 ലക്ഷം രൂപ |
| 2 | കാർഷിക സെൻസസ് | 480 ലക്ഷം രൂപ | 274.40764 ലക്ഷം രൂപ |
| 3 | ഇക്കണോമിക് സെൻസസ് | - | - |
| 4 | ആർ എം ഐ എസ് | 128 ലക്ഷം രൂപ | 56,13,622/- (48,96,722 രൂപ റിലീസ്, 7,16,900 രൂപ റീ ഇമ്പേഴ്സ്മെന്റ്) |

| | | | |
|---|---|---|---|
| | | | **<u>കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം</u>**<br><br>2024-25 ൽ സംസ്ഥാനത്തെ കൃഷി വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 168.08 കോടി രൂപ കേന്ദ്ര ഫണ്ട് വകയിരുത്തിയിട്ടുണ്ട്. ഇതിൽ 106.24 കോടി രൂപ 2025 ജനുവരി 31 വരെ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# BCDD - Centrally Sponsored Plan Schemes

| *Sl.No.* | *Head of Account* | *Budget Provision* | *Add. Authzn/SDG* | *Central Release* |
|---|---|---|---|---|
| **1** | **2225-03-277-85-1-12 (Central) PM-YASASVI - Prematric OBC Scholarship** | **120,000,000** | **43,760,000** | **75,800,000** |
| **2** | **2225-03-277-85-2-12 (State) PM-YASASVI - Prematric OBC Scholarship** | **80,000,000** | **98,374,000** | **0** |
| **3** | **2225-03-277-84-1-12 PM-YASASVI - Postmatric OBC Scholarship** | **870,000,000** | **0** | **0** |
| | **2225-03-277-84-2-12 PM-YASASVI - Postmatric OBC Scholarship** | **580,000,000** | **0** | **0** |
| **4** | **4225-03-277-96 Construction of Postmatric Hostels for OBC** | **10,300,000** | **0** | **0** |

അനുബന്ധം I

# Details of Centrally Sponsored Schemes -2024-25

| Sl No | Scheme Code | Scheme Name | Total Outlay (in Lakhs) | Total Amount released by GOI (Rs lakh) |
|---|---|---|---|---|
| #VALUE! | WBC 026 (3) | Enforcement of Prevention of Atrocities Act 1989 ( 50% State Share )-XXV-2225-02-800-68 (01) | 100.000 | 29.018 |
| 2 | WBC 166 | Development of Primitive Tribal Group-XXV-2225-02-794-92 | 0.010 | 0.000 |
| 3 | WBC 174 | Grant-in-Aid to Kerala State Federation of SCs/ST/s Development Co-operative Ltd-XXV-2225-80-195-99 | 0.010 | 0.000 |
| 4 | WBC 225 | Implementation of Scheduled Tribes and other Traditional Forest Dwellers (Recognition of Forest Right) Act,2006 under Article 275 (1).-XXV-2225-02-283-86 | 0.010 | 0.000 |
| 5 | WBC 324 (1) | Construction of Model Residential Schools (under Article 275(1)) (100% CSS)-XXV-4225-02-277-40 | 800.000 | 395.810 |
| 6 | WBC 382 (1) | Post matric Scholarship for Scheduled TribeStudents (75 % CSS) - 75% Central Share-XXV-2225-02-277-29 (01) | 3600.000 | 1750.530 |
| 7 | WBC 386 | Development Schemes under Grant-in-Aid under Article 275 (1)-XXV-2225-02-102-75 | 768.380 | 500.000 |
| 8 | WBC 421 | Pre-matric Scholarship for Scheduled Tribes Students (75% CSS) - 75% Central Share-[XXV] 2225-02-277-26(01) | 300.000 | 0.000 |
| 9 | WBC 427 | Pradhan Mantri Adi Adarsh Gram Yojan (SCA to TSS) (100% CSS)-[XXV] 2225-02-794-90 | 200.000 | 61.190 |
| 10 | | PM Janman | 900.000 | 228.000 |
| 11 | | PMU | 31.000 | 31.000 |
| | | **TOTAL** | **6699.410** | **2995.548** |